ഉത്തരം

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം 25% പൂർത്തിയായിട്ടുണ്ട്.

(ബി) CRZ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ, ക്ലിയറൻസ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിഗണിക്കുന്നതാണ്.

ആപ്പാഞ്ചിറ കനാൽ ടൂറിസം

268 (3705) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതി സംബന്ധിച്ച ഫയൽ ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇക്കാര്യം സംബന്ധിച്ച് 18-3-2015-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആപ്പാഞ്ചിറ കനാൽ ടൂറിസം പദ്ധതിയ്ക്ക് 21-5-2015-ലെ G.O.(Rt) No.180/2015/TSM പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. കോട്ടയം ഡിറ്റിപിസി മുഖേന കോട്ടയം ഇറിഗേഷൻ ഡിവിഷൻ മുഖാന്തരം ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാലടിയിൽ ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടം

269 (3706) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടിയിൽ ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനത്തിനായി ടൂറിസം വകുപ്പ് നിർമ്മിച്ച കെട്ടിടത്തിന്റെ രണ്ടാം നിലയിൽ താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ നിന്നും മാറ്റുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം ടൂറിസം വകുപ്പിന് കൈമാറുന്നതിനും അതിന്റെ പൂർണ്ണമായ പ്രവർത്തനത്തിനും ഒഴിഞ്ഞ് തരണമെന്ന് ടൂറിസം വകുപ്പ് കാലടി ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ടൂറിസം വകുപ്പ് ഡയറക്ടറുടെയും പഞ്ചായത്ത് ഡയറക്ടറുടെയും ഉത്തരവ് പ്രകാരമാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഓഫീസ് പ്രവർത്തനത്തിനായി ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് പൂർത്തീകരിച്ചതാണെന്നും പഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ഓഫീസ് മാത്രം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ഗ്രാമപഞ്ചായ ത്തിന്റെ മറ്റ് അനുബന്ധ സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടത്തിൽ തന്നെ നിലനിർത്തുന്ന തിനുമുള്ള തീരുമാനം എടുത്തതായി കാലടി ഗ്രാമപഞ്ചായത്ത് അറിയിച്ചു. ഈ സാഹചര്യത്തിൽ പ്രസ്തുത കെട്ടിട സമുച്ചയം ടൂറിസം വകുപ്പിന് തിരികെ നൽകി ടൂറിസം ഇൻഫർമേഷൻ സെന്റർ പ്രവർത്തന യോഗ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിനോദ സഞ്ചാര വികസന സന്നദ്ധ സംഘടനകൾ

270 (3707) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസനത്തിനായി എത്ര സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത സംഘടനകൾക്ക് എന്തൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സംഘടനകളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർണ്ണയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംഘടനകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച ആനുകൂല്യങ്ങളും ഗ്രാന്റും എത്രയാണെന്ന് സംഘടന തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.